കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1840/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001
E-mail : doknr.ksad@kerala.gov.in
Phone: 0497-2707698

തീയതി: 22.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

സർ.

വിഷയം : തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാ രീതിയും ഓഡറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം ( e-mail മുഖാന്തിരം)

2.അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, കണ്ണൂർ

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1840/2017 തീയ്യതി : 22.11.2017

കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ

വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് 6-3-2017 മുതൽ 2-11-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൽവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ മഠത്തിൽ. സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 3-11-2017 മുതൽ | ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫിസർ |

| | | |
|---|---|---|
| 9-11-2017 വരെ | ശ്രീ. അനൂപ്. കെ.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ലതീഷ് കുമാർ. കെ.കെ. | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.കെ. രാജീവൻ. | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ. പ്രകാശൻ. പി.പി.<br>ജോയിന്റ് ബി.ഡി.ഒ, അധികച്ചുമതല | 1-4-2016 മുതൽ 22-6-2016 വരെ |
| | ശ്രീ. പി.വി. ജസീർ. | 23-6-2016 മുതൽ 18-11-2016 വരെ<br>26-12-2016 മുതൽ 31-3-2017 വരെ |
| | ശ്രീ. പ്രശാന്ത്. ടി.വി.<br>EO(WW) അധികച്ചുമതല | 19-11-2016 മുതൽ 25-11-2016 വരെ |
| | ശ്രീ. കെ.ബി. ശ്രീകുമാർ<br>GEO, അധികച്ചുമതല | 26-11-2016 മുതൽ 25-12-2016 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. ഷെമി. ടി.കെ. | 1-4-2016 മുതൽ<br>31-3-2017 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ. പീതാംബരബാബു. | 1-4-2016 മുതൽ<br>31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ CHC | ഡോ. കെ.എം. ഇബ്രാഹിം | 1-4-2016 മുതൽ<br>31-3-2017 വരെ |
| CDPO തലശ്ശേരി | ശ്രീമതി. സിസിലിയാമ്മ മാത്യു. | 1-4-2016 മുതൽ<br>12-7-2016 വരെ |
| | ശ്രീമതി. ഷീജ | 13-7-2016 മുതൽ<br>7-8-2016 വരെ |

| | | |
|---|---|---|
| | ശ്രീമതി. അംബിക. എൽ | 8-8-2016 മുതൽ 31-3-2017 വരെ |
| CDPO തലശ്ശേരി, അഡീഷണൽ | ശ്രീമതി. സോയ സദാനന്ദൻ. | 1-4-2016 മുതൽ 31-3-2017 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി. ലതിക. എം.കെ. | 1-4-2016 മുതൽ 7-10-2016 വരെ |
| | ശ്രീ. ബാബുരാജൻ | 8-10-2016 മുതൽ 27-2-2017 വരെ |
| | ശ്രീ. സതീശൻ കോടഞ്ചേരി | 28-2-2017 മുതൽ 31-3-2017 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ. നിഷാദ്. വി.കെ. | 1-4-2016 മുതൽ 31-3-2017 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |

| | | |
|---|---|---|
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 10 | അഞ്ചരക്കണ്ടി ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നല്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് വരുമാനനഷ്ടം | 2-1 |
| 11 | ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 2-2 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | പിണറായി CHC യുടെ HMC ഫണ്ട് റീക്കൂപ്പ് ചെയ്യൽ രേഖകൾ ലഭ്യമാക്കിയില്ല ₹3,79,539 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 |
| 13 | ശാരീരിക വെല്ലുവിളി നേരിടുന്ന വയോജനങ്ങൾക്കും മറ്റ് വയോജനങ്ങൾക്കും വിവധ ഉപകരണങ്ങൾ വാങ്ങൽ രേഖകൾ ലഭ്യമാക്കിയില്ല ₹5,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 |
| 14 | മലയോര വികസന ഏജൻസി വഴി ധനസഹായം ലഭിച്ച തുക തിരിച്ചടച്ചതിന്റെ കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല₹ 10,26,257 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 |
| 15 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ ₹3,00,000 യുടെ<br>ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 16 | വനിതാ കർഷക സമിതിക്ക് കാർഷിക ഉപകരണങ്ങൾ വാങ്ങൽ-രേഖകൾ ലഭ്യമാകാത്തതിനാൽ ₹1,84,897 യുടെ ചെലവ് | 3-5 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു. | |
| 17 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് വിതരണം - ഗ്രാമ പഞ്ചായത്ത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-6 |
| 18 | ഹരിതകേരളം വിവിധ പദ്ധതി - ഗ്യാസ് ശ്മശാന നിർമാണം പൂർത്തിയായില്ല | 3-7 |
| 19 | IAY ഭവനനിർമാണ പദ്ധതി ചെലവ് വിവരങ്ങൾ ലഭ്യമല്ല | 3-8 |
| 20 | ഗ്രൂപ്പ് സംരംഭങ്ങൾക്ക് തുണിസഞ്ചിനിർമാണം- വായ്പാതിരിച്ചടവിന്റെ പലിശ ഇനത്തിൽ അധിക തുക അടവാക്കുന്നു. | 3-9 |
| 21 | പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി അനുവദിച്ച ഫണ്ടുകൾ വിനിയോഗിക്കാത്തതിന്റെ വിവരം | 3-10 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് | 4-7 |

| | | |
|---|---|---|
| | ഖണ്ഡികകളുടെ വിശദാംശം | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധങ്ങൾ | |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 32 | റസീറ്റ് & പെയ്മെമെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം2 |
| 33 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം3 |
| 34 | ബാലൻസ് ഷീറ്റ് | അനുബന്ധം4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 2-3-2016 ലെ 137/15-16 -)ഠനമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 29-3-2017 ലെ 317/16-17 -)ഠ നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ | വാർഷിക കണക്ക് പ്രകാരമുള്ളത് ₹ |
|---|---|---|---|
| മുന്നിരിപ്പ് | 30,60,000 | 30,60,000 | 2,14,31,323 |
| വരവ് | 14,65,32,000 | 5,81,91,576 | 3,12,62,351 |
| ആകെ | 14,95,92,000 | 6,12,51,576 | 5,26,93,674 |

| | | | |
|---|---|---|---|
| ചെലവ് | 14,71,31,257 | 5,89,34,881 | 3,69,21,155 |
| നീക്കിയിരിപ്പ് | 24,60,743 | 23,16,695 | 1,57,72,519 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 5-8-2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭ്യമാക്കണമെന്നുള്ള വ്യവസ്ഥ ബ്ലോക്ക് പഞ്ചായത്ത് പാലിച്ചിട്ടില്ല. ന്യൂനത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2016-17 | 8-11-2017 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1.B4 ഷെഡ്യൂളിൽ വികസനഫണ്ടും(പൊതു, എസ്.സി.പി., ടി.എസ്.പി.), മെയിന്റനൻസ് ഫണ്ട് (റോഡ്) എന്നിവ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

2I &E Statement ൽ വികസന ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തിയിട്ടില്ല.

3.B-18 ഷെഡ്യൂളിൽ Advance to Implimenting officers എന്ന ഹെഡ്ഡിൽ നെഗറ്റീവ് സംഖ്യ രേഖപ്പെടുത്തിയിരിക്കുന്നു.

4.B-15 ഷെഡ്യൂളിൽ Sundry Debtors (Receivables) എന്ന ഹെഡ്ഡിൽ നെഗറ്റീവ് സംഖ്യ രേഖപ്പെടുത്തിയിരിക്കുന്നു.

5.Rent Register ലെ തുക വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

6.കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രതിദിനം സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

7.ബാങ്ക് ബുക്ക് പാസ്സ് ബുക്ക് എന്നിവ വർഷാവസാനം റീക്കൺസീലിയേഷൻ നടത്തുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 2,14,31,323 |
| വരവ് | 3,12,62,351 |
| ആകെ | 5,26,93,674 |
| ചെലവ് | 3,69,21,155 |
| നീക്കിയിരിപ്പ് | 1,57,72,519 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി ₹ | തൻവർഷത്തെ അലോട്ട്മെന്റ് തുക ₹ | ആകെ ₹ | ചെലവ് ₹ | ചെലവഴിക്കാത്ത തുക ₹ | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് -പൊതു വിഭാഗം | ഇല്ല | 23033738 | 23033738 | 13661646 | 9372092 | 59.31 |
| വികസനഫണ്ട് - എസ്.സി.പി | ഇല്ല | 2098780 | 2098780 | 1422000 | 676780 | 67.75 |
| വികസനഫണ്ട് - ടി.എസ്.പി | ഇല്ല | 39219 | 39219 | 39219 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡിതരം | ഇല്ല | 3587667 | 3587667 | 2408810 | 1178857 | 67.14 |
| ബി. ഫണ്ട് | ഇല്ല | 30000 | 30000 | 30000 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|
| 51 | 50867086 | 37 | 17577899 | 7 | 14 | 58.82 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്കുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| സെക്രട്ടറി | 17 | 16 | 28166402 | 8363283 | 29.69 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 20 | 10 | 15784584 | 5471723 | 34.66 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2 | 2005000 | 319897 | 15.95 |
| മെഡിക്കൽ ഓഫീസർ CHC | 4 | 4 | 1337650 | 1337650 | 100 |
| വ്യവസായ വികസന | 1 | 1 | 1600000 | 123500 | 7.72 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| ക്ഷീര വികസന ഓഫീസർ | 1 | 1 | 575000 | 575000 | 100 |
| സി.ഡി.പി.ഒ തലശ്ശേരി | 1 | 1 | 507400 | 497573 | 98.06 |
| സി.ഡി.പി.ഒ തലശ്ശേരി അഡീഷണൽ | 2 | 2 | 891050 | 889273 | 99.8 |
| ആകെ | 51 | 37 | 50867086 | 17577899 | 34.56 |

## 1-7 തനത് വരുമാനം.

ഈ സാമ്പത്തിക വർഷത്തെ തനതു വരുമാനം താഴെ പറയും പ്രകാരമാണ്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | - | - |
| നികുതിയേതര വരവുകൾ | 168288 | 345356 | 177068 | 105.22 |
| മറ്റ് വരവുകൾ | 0 | 0 | - | - |
| ആകെ | 168288 | 345356 | 177068 | 105.22 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7-11-2017 ന് 12.20 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസായി തുകയൊന്നും ഇല്ലാത്തത് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8-1-2015 | 2012-13 മുതൽ 2013-14 വരെ | 6-4-2015 |
| പെർഫോമൻസ് ഓഡിറ്റ് | 25-5-2017 | 2015-16 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 അഞ്ചരക്കണ്ടി ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നല്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് വരുമാനനഷ്ടം

അഞ്ചരക്കണ്ടി ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിന് നിലവിൽ രണ്ട് മുറികളുണ്ട്. നാളിതുവരെയായി ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല. തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 31-5-16 ലെ ഭരണസമിതി തീരുമാനം നമ്പർ 158/16പ്രകാരം അഞ്ചരക്കണ്ടി ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനക്ഷമമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകുന്നതും ഭരണസമിതി തീരുമാനം നടപ്പാക്കാത്തതും ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 2-2 ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല

2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണുള്ളത്. ഈ തുക ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പേര് | ഇ-ടെണ്ടർ സമർപ്പിച്ച | ഇ-ടെണ്ടർ സമർപ്പിച്ച | ടെണ്ടർ ഫോറം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | കരാറുകാരുടെ പേര് | തീയ്യതി | വില |
| 1 | 12/17<br>ചുങ്കം നെടുങ്ങോട്ട്കാവ് തോട് പാർശ്വഭിത്തി നിർമ്മാണം (എരഞ്ഞോളി) | സി.ടി. സുരേഷ്ബാബു<br>വിനീഷ് കുമാർ. യു.എം | 27-11-2016<br>26-11-2016 | 1000<br>1000 |
| 2 | 14/17<br>മുഴപ്പിലങ്ങാട് പഞ്ചായത്തിലെ തവരതോട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കൽ | എൻ. രാഘവൻ | 19-12-2016 | 2000 |
| 3 | 15/17<br>കുനിയിൽ തോട് സംരക്ഷണം (ന്യൂമാഹി) | സി.ടി. സുരേഷ്ബാബു | 20-12-2016 | 2000 |
| 4 | 16/17<br>കാപ്പാടൻകുന്ന് മത്തിപ്പാറ റോഡ് ടാറിംഗ്<br>(അഞ്ചരക്കണ്ടി) | ഇസ്മയിൽ. കെ.<br>ദിലീപ്കുമാർ. ടി. എം.<br>എൻ. രാഘവൻ | 21-12-2016<br>21-12-2016<br>20-12-2016 | 2000<br>2000<br>2000 |
| 5 | 32/17<br>പിണറായി CHC പുനരുദ്ധാരണം | വിനീഷ് കുമാർ. യു.എം | 26-11-2016 | 2000 |
| | | കെ.സി. ദിജീഷ് കുമാർ | 27-11-2016 | 2000 |
| | | സുബിൻ. എം.പി. | 28-11-2016 | 2000 |

| | | | | |
|---|---|---|---|---|
| | | അശോകൻ തോട്ടത്തിൽ | 1-12-2016 | 2000 |
| | | PICOS | 25-11-2016 | 2000 |
| 6 | 33/17<br>തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം | വിനീഷ് കുമാർ. യു.എം | 11-2-2017 | 2000 |
| 7 | 41/17<br>മുല്ലപ്രംതോടിന് പാർശ്വഭിത്തി നിർമ്മാണം (ധർമ്മടം) | രഞ്ജിത്ത്. പി. ടി. | 19-12-2016 | 1000 |
| 8 | 43/17<br>കാളിയിൽ അംഗൻവാടി നിർമ്മാണം (എരഞ്ഞോളി) | വിനീഷ് കുമാർ. യു.എം | 20-12-2016 | 2500 |
| | ആകെ | | | 27500 |

ഇ-ടെണ്ടർ മുഖേന 2016-17 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ₹27,500 കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭ്യമാക്കുന്നതിനും ടെണ്ടർ ഫോറം വിലയോടൊപ്പം ഈടാക്കിയ വാറ്റ് തുക സർക്കാറിലേക്ക് ഒടുക്ക് വരുത്തുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പിണറായി CHC യുടെ HMC ഫണ്ട് റീക്കൂപ്പ് ചെയ്യൽ രേഖകൾ ലഭ്യമാക്കിയില്ല ₹3,79,539 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, CHC പിണറായി

പ്രൊജക്ട് നമ്പർ : 65/17

പ്രൊജക്ടിന്റെ പേര് : പിണറായി CHC യുടെ HMC ഫണ്ട് റീക്കൂപ്പ് ചെയ്യൽ

അടങ്കൽ : ₹3,79,550 വികസന ഫണ്ട്

ചെലവ് : ₹3,79,539 ബിൽ നമ്പർ : 11/16-17/31-3-2017

പിണറായി CHC യുടെ HMC ഫണ്ട് റീക്ലപ്പ് ചെയ്യൽ എന്ന മേൽ പ്രോജക്ട് പ്രകാരം ₹3,79,539ചെലവഴിച്ചിട്ടുണ്ട്. ഈചെലവുമായി ബന്ധപ്പെട്ട് പ്രോജക്ട്, മേൽ ചെലവുമായി ബന്ധപ്പെട്ടുള്ള വൗച്ചറുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പരിശോധനക്ക് ലഭ്യമാക്കിയ ടി.ആർ. 59(c) പ്രകാരമുള്ള ബിൽ പ്രകാരം ചെലവ് ₹3,79,550 യും ട്രഷറി ബിൽ ബുക്ക് പ്രകാരം ചെലവ് ₹3,79,539 യുമാണ്. ₹11 യുടെ വ്യത്യാസമുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ₹3,79,539 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്ത പക്ഷം അവ നിലവിലില്ല എന്ന നിഗമനത്തിൽ ധനദുർവിനിയോഗമായി കണക്കാക്കി തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ശാരീരിക വെല്ലുവിളി നേരിടുന്ന വയോജനങ്ങൾക്കും മറ്റ് വയോജനങ്ങൾക്കും വിവധ ഉപകരണങ്ങൾ വാങ്ങൽ രേഖകൾ ലഭ്യമാക്കിയില്ല ₹5,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ CHC പിണറായി

പ്രൊജക്ട് നമ്പർ : 53/17

പ്രൊജക്ടിന്റെ പേര് : ശാരീരിക വെല്ലുവിളി നേരിടുന്ന വയോജനങ്ങൾക്കും മറ്റ് വയോജനങ്ങൾക്കും വിവധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ : ₹ 5,00,000 വികസന ഫണ്ട്

ചെലവ് : ₹ 5,00,000 ബിൽ നമ്പർ : 13/16-17/31-3-2017

ശാരീരിക വെല്ലുവിളി നേരിടുന്ന വയോജനങ്ങൾക്കും മറ്റ് വയോജനങ്ങൾക്കും വിവിധ ഉപകരണങ്ങൾ വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം ₹ 5,00,000 യുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഈചെലവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ ലിസ്റ്റ്, ഉപകരണങ്ങൾ വിതരണം നടത്തിയതിന്റെ വിവരം, ഉപകരണങ്ങൾ വിതരണം നടത്തുന്നതിന്റെ ഭാഗമായി ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തിയതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹5,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തപക്ഷം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ ധനദുർവിനിയോഗമായി കണക്കാക്കി തുക തിരിച്ചടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 മലയോര വികസന ഏജൻസി വഴി ധനസഹായം ലഭിച്ച തുക തിരിച്ചടച്ചതിന്റെ കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല₹ 10,26,257 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ചെലവ് തുക : ₹ 10,26,257

വൗച്ചർ നമ്പർ : 21600428/27-3-2017

ചെക്ക് നമ്പർ : 9959091/27-3-2017

2012-13 വർഷം മുതൽ 2016-17 വരെ മലയോര വികസന ഏജൻസി ഭരണാനുമതി നല്കി തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ പഴം പച്ചക്കറി കൃഷി വികസന പദ്ധതിക്ക് ധനസഹായമായി 26 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ലഭിച്ചിട്ടുണ്ട്. ആയതിൽ നിന്നും നാളിതുവരെയായി 15,73,743 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വിനിയോഗിക്കാതെ ബാക്കിയുള്ള തുക HADA സെക്രട്ടറിയുടെ 15-03-17 ലെ 293/B/HADA/13 കത്ത് പ്രകാരം തിരിച്ചടക്കാൻ ആവശ്യപ്പെട്ടിരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ 2-3-17 ലെ 290/16-17 നമ്പർ തീരുമാന പ്രകാരം തുക തിരിച്ചടക്കാൻ തീരുമാനിക്കുകയും ചെക്ക് പ്രകാരം തുക പിൻവലിച്ച് HADA സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ HADA സെക്രട്ടറി തുക കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹ 10,26,257 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം - പ്രോജക്റ്റ് നടപ്പിലാക്കിയതിലെ അപാകങ്ങൾ ₹3,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ : 45/17

പ്രൊജക്റ്റിന്റെ പേര് : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ : ₹ 9,12,890 വികസന ഫണ്ട്

: ₹ 87,110 തനത് ഫണ്ട്

ആകെ : ₹ 10,00,000

ചെലവ് : ₹ 1,00,000 ബിൽ നമ്പർ : 161/16-17/15-3-2017

: ₹ 1,00,000 ബിൽ നമ്പർ : 186/16-17/28-3-2017

: ₹ 2,00,000 ബിൽ നമ്പർ : 204/16-17/31-3-2017

------------------------------

ആകെ : ₹ 4,00,000

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രോജക്റ്റിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.രാഗേഷ്. പി. പി. എന്ന ഗുണഭോക്താവിന് പട്ടികജാതി വകുപ്പ്, ഗ്രാമപഞ്ചായത്ത് എന്നിവയിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഇല്ല. നിർമ്മിച്ച പഠനമുറിയുടെ വിസ്തീർണം വ്യക്തമല്ല.

2.അശോകൻ. എ. എന്ന ഗുണഭോക്താവിന് പട്ടികജാതി വകുപ്പിൽ നിന്നും ധനസഹായം

ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഇല്ല. നിലവിൽ 800 സ്ക്വയർ ഫീറ്റിന് മുകളിൽ (75 Sqm) വിസ്തീർണം ഉള്ള വീട് ഉണ്ടായിട്ടും ധനസഹായം നൽകി. നിർമ്മിച്ച പഠനമുറിയുടെ വിസ്തീർണം വ്യക്തമല്ല.

3.ഉഷ. കെ എന്ന ഗുണഭോക്താവിന് പട്ടികജാതി വകുപ്പ് ഗ്രാമപഞ്ചായത്ത് എന്നിവയിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഇല്ല. നിലവിൽ 800 സ്ക്വയർ ഫീറ്റിന് മുകളിൽ (84 Sq m) വിസ്തീർണം ഉള്ള വീട് ഉണ്ടായിട്ടും ധനസഹായം നൽകി. നിർമ്മിച്ച പഠനമുറിയുടെ വിസ്തീർണം വ്യക്തമല്ല.

ആകെ ചെലവഴിച്ച നാല് ലക്ഷം രൂപയിൽ, ജി.ഒ. (ആർ ടി) 626/2016 തസ്വഭവ dt 15-1-16 നമ്പർ ഉത്തരവിന് വിരുദ്ധമായി മൂന്ന് ഗുണഭോക്താക്കൾക്ക് അനുവദിച്ച ₹3,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 വനിതാ കർഷക സമിതിക്ക് കാർഷിക ഉപകരണങ്ങൾ വാങ്ങൽ– രേഖകൾ ലഭ്യമാകാത്തതിനാൽ ₹1,84,897 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി അസി.ഡയറക്ടർ

| | |
|---|---|
| പ്രൊജക്ട് നമ്പർ | : 54/17 |
| പ്രൊജക്ടിന്റെ പേര് | : വനിതാ കർഷക സമിതിക്ക് കാർഷിക ഉപകരണങ്ങൾ |
| അടങ്കൽ | : ₹12,00,000 വികസന ഫണ്ട് (ജനറൽ) |
| | : ₹4,00,000 ഗുണഭോക്തൃവിഹിതം |
| ആകെ | : ₹ 16,00,000 |
| ചെലവ് | : ₹1,38,673 ബിൽ നമ്പർ : 3/16-17/27-3-2017 |
| | : ₹46,224 ചെക്ക് നം 9959093/24-03-2017 |
| ആകെ | : ₹1,84,897 |

വനിതാ കർഷക സമിതിക്ക് കാർഷിക ഉപകരണങ്ങൾ വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം പിണറായി വനിതാ രജിസ്റ്റേഡ് കാർഷിക കർമ്മസേനക്കായി കാട്ടുവെട്ടുയന്ത്രം, ടില്ലർ, അനുബന്ധ കാർഷിക യന്ത്രസാമഗ്രികളും 75% സബ്സിഡി നിരക്കിൽ ടെണ്ടർ മുഖേന വാങ്ങി നൽകുന്നതിന് വേണ്ടി ആവിഷ്കരിച്ച പ്രൊജക്ടിൽ KAICO വിൽ നിന്ന് ₹ 1,84,897 ഉപയോഗിച്ച് ടില്ലർ, കാട്ടുവെട്ട് യന്ത്രം എന്നിവ വാങ്ങിയിട്ടുണ്ട്. കർമ്മസേന രൂപീകരിച്ചതിന്റെ രേഖകൾ, കാർഷിക ഉപകരണങ്ങൾ കർമ്മസേനക്ക് കൈമാറിയതിന്റെ രേഖകൾ, കർമ്മസേനയുമായി കരാറിൽ ഏർപ്പെട്ട രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹1,84,897 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് വിതരണം - ഗ്രാമ പഞ്ചായത്ത്

## വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി അസി.ഡയറക്ടർ

പ്രൊജക്ട് നമ്പർ : 20/17

പ്രൊജക്ടിന്റെ പേര് : പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് വിതരണം

അടങ്കൽ : ₹ 1,35,000 വികസന ഫണ്ട് ജനറൽ

ചെലവ് : ₹ 85,000 ബിൽ നമ്പർ : 1/16-17/27-3-2017

: ₹ 50,000 ബിൽ നമ്പർ : 2/16-17/27-3-2017

ആകെ : ₹1,35,000

പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് വിതരണം എന്ന മേൽ പ്രൊജക്ട് പ്രകാരം ₹135000 താഴെപ്പറയും പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | നൽകിയ തുക ₹ |
|---|---|---|
| 1 | പിണറായി ഗ്രാമ പഞ്ചായത്ത് | 35000 |
| 2 | ധർമ്മടം ഗ്രാമപഞ്ചായത്ത് | 50000 |
| 3 | മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് | 50000 |
| | ആകെ | 1,35,000 |

മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്തിലെ കൃഷി ഓഫീസർ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ പച്ചക്കറി കൃഷിക്ക് പകരം നെൽകൃഷിക്ക് കൂലിച്ചെലവ് ഇനത്തിൽ ₹50000 വിനിയോഗിച്ചതായുള്ള വിവരമാണ് ലഭ്യമാക്കിയിട്ടുള്ളത്. പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് വിതരണത്തിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-7 ഹരിതകേരളം വിവിധ പദ്ധതി - ഗ്യാസ് ശ്മശാന നിർമാണം പൂർത്തിയായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 62/17

പ്രൊജക്ടിന്റെ പേര് : ഹരിതകേരളം വിവിധ പദ്ധതികൾ (നേരിട്ടും, പഞ്ചായത്തിന് വിഹിതം നൽകലും),

അടങ്കൽ : ₹ 20,81,330 വികസന ഫണ്ട്

ചെലവ് : ₹ 20,00,000 ബിൽ നമ്പർ : 188/16-17/27-3-2017

ഹരിതകേരളം വിവിധ പദ്ധതികൾ (നേരിട്ടും, പഞ്ചായത്തിന് വിഹിതം നൽകലും), എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി പിണറായി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന ഗ്യാസ് ശ്മശാനത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 20 ലക്ഷം രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് പിണറായി ഗ്രാമപഞ്ചായത്തിന്റെ TSB അക്കൗണ്ട് നമ്പറായ 799011400001989 ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തിപൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 9/16-17) ന് മറുപടിയായി ഗ്യാസ് ശ്മശാനത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടില്ല എന്നാണ് സെക്രട്ടറി മറുപടി നൽകിയത്. പ്രവൃത്തി പൂർത്തിയാവുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-8 IAY ഭവനനിർമാണ പദ്ധതി ചെലവ് വിവരങ്ങൾ ലഭ്യമല്ല

IAY ഭവനനിർമാണ പദ്ധതിക്കായി താഴെ പറയും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ അവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമായിട്ടില്ല. പിൻവലിച്ച് തുക ഏത് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത് എന്ന വിവരവും ലഭ്യമല്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ / പേര് | ചെലവു തുക | ബിൽ നമ്പർ |
|---|---|---|---|
| 1 | 52/17<br>IAY ഭവനനിർമാണം അധികവിഹിതം നൽകൽ(SCP) | ₹80,000 | 162/16-17<br>/13-3-2017 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 14/8-11-2017 ) നൽകിയ മറുപടിയിൽ തുക IAY അക്കൗണ്ടുള്ള യൂനിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ തലശ്ശേരി ബ്രാഞ്ചിലെ 22276-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിൽ ₹40,000ശ്രീമതി. ജിഷ. എം. എം. എന്നവർക്ക് 19-7-17 ൽ അനുവദിച്ചിട്ടുമുണ്ട്. ബാക്കി ₹40,000 ശ്രീമതി. ശ്രീജ. പി.പി. എന്നവർക്ക് നൽകാൻ വേണ്ടി പിൻവലിച്ചതാണെന്നും ആകസ്മികമായ കാരണങ്ങളാൽ നിർമാണം നിർത്തിവച്ചതിനാലാണ് നൽകാനാവാത്തതെന്നും വ്യക്തമാക്കിയിട്ടുണ്ട്. വികസനഫണ്ട് മുൻകൂർ പിൻവലിക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. ഭവനനിർമാണം എത്രയും പെട്ടെന്ന് ആരംഭിച്ച് ബാക്കി തുകയായ 40000 രൂപ കൈമാറുകയോ, അല്ലാത്തപക്ഷം തിരിച്ചടവാക്കുകയോ

ചെയ്യേണ്ടതാണ്.

## 3-9 ഗ്രൂപ്പ് സംരംഭങ്ങൾക്ക് തുണിസഞ്ചിനിർമാണം- വായ്പാതിരിച്ചടവിന്റെ പലിശ ഇനത്തിൽ അധിക തുക അടവാക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ട് നമ്പർ : 26/17

പ്രൊജക്ടിന്റെ പേര് : ഗ്രൂപ്പ് സംരംഭങ്ങൾക്ക് തുണിസഞ്ചി നിർമാണം

അടങ്കൽ : ₹ 2,00,000 വികസന ഫണ്ട്

ചെലവ് : ₹ 1,23,500 ബിൽ നമ്പർ : 1/16-17/30-3-2017

ധർമടം ഗ്രാമ പഞ്ചായത്തിലെ ശിവശക്തി കുടുംബശ്രീ യൂണിറ്റിന് തുണിസഞ്ചി നിർമാണ യൂണിറ്റ് ആരംഭിക്കുന്നതിന് സബ്സിഡി അനുവദിക്കുന്നതിനാണ് ₹ 1,23,500 പിൻവലിച്ചത്. ധർമടം സർവീസ് സഹകരണ ബാങ്കിൽ നിന്നും ₹2,47,000 വായ്പ അനുവദിച്ചതായി ബാങ്ക് സെക്രട്ടറി 30-3-2017 ലെ കത്തിൽ അറിയിച്ചതിനെ തുടർന്ന് ₹1,23,500സബ്സിഡിയായി ധർമടം സർവീസ് സഹകരണ ബാങ്ക് മെമ്പറായിട്ടുള്ള ജില്ലാസഹകരണ ബാങ്കിന്റെ തലശ്ശേരി ശാഖയിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട് (അക്കൗണ്ട് നമ്പർ 1002054000049). പ്രസ്തുത തുക കുടുംബശ്രീ യൂണിറ്റിന്റെ വായ്പാ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാത്തതിനാൽ കുടുംബശ്രീ യൂണിറ്റ് പലിശ ഇനത്തിൽ അധികതുക അടവാക്കേണ്ടി വരാൻ സാധ്യതയുണ്ട്. കുടുംബശ്രീ യൂണിറ്റിന്റെ വായ്പാ അക്കൗണ്ടിൽ തുക നിക്ഷേപിച്ചത് തെളിയിക്കുന്ന പാസ്ബുക്ക്, വായ്പാതിരിച്ചടവിന്റെ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 10/7-11-17) നൽകിയ മറുപടിയിൽ അധികമായി ഈടാക്കിയ തുക ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് വരവ് വയ്ക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ആയത് ഉറപ്പുവരുത്തേണ്ടതാണ്.

## 3-10 പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി അനുവദിച്ച ഫണ്ടുകൾ വിനിയോഗിക്കാത്തതിന്റെ വിവരം

2016-17-ലെ വാർഷിക കകണക്കുകളിലെ B-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി അനുവദിച്ച ഫണ്ടുകൾ വിനിയോഗിക്കാതെ ബാക്കിനിൽക്കുന്നുണ്ട്. ചെലവഴിക്കാതെ ബാക്കിനിൽക്കുന്ന തുകകൾ തിരിച്ചടവാക്കുകയും സാംഖ്യയിൽ അക്കൗണ്ട് ചെയ്യുമ്പോൾ കോഡ് മാറി പോസ്റ്റ് ചെയ്തവ അതത് ശീർഷകത്തിലേക്ക് മാറ്റുകയും ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഫണ്ടിനം | വർഷം | തുക | ചെലവിനം | നീക്കി യിരിപ്പ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | SGSY | 2016-17 | 1,28,840 | SGSY | 1,28,840 | ചെലവില്ല |

| | | | | | | |
|---|---|---|---|---|---|---|
| 2 | IAY (GAF) | 2016-17 | 2,66,909 | IAY | 2,66,909 | ചെലവില്ല |
| 3 | ICDS | 2013 To 2017 | 19,02,773 | THRS | 19,02,773 | ചെലവില്ല |
| | SECC | 2011 to 2017 | 64,248 | Survey | 64,248 | ചെലവില്ല |
| 4 | PYKKA | 2009-10 | 5,41,145 | വേങ്ങാട് സ്റ്റേഡിയം നിർമാണം | 5,41,145 | TS ലഭിച്ചിട്ടില്ല |
| 5 | സാക്ഷരത | 2016-17 | 3,800 | സാക്ഷരത | 3,800 | കോഡ് മാറിയത് |
| 6 | കേരളോൽസവം | 2016-17 | 61,818 | കേരളോൽസവം | 61,818 | പലിശ |
| 7 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 2016-17 | 21,200 | ട്രെയിനിംഗ് | 21,200 | 2017-18 ൽ ചെലവാക്കി |
| 8 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 2016-17 | 1027 | ട്രെയിനിംഗ് | 1027 | പലിശ |
| 9 | IAY | 2016-17 | 48,081 | ഗ്രാമ പഞ്ചായത്ത് വിഹിതം | 48,081 | 2017-18 ൽ ചെലവാക്കി |
| 10 | IAY(Addl) | 2016-17 | 65,87,306 | ഗ്രാമ പഞ്ചായത്ത് വിഹിതം | 65,87,306 | ₹13,82,175 മാത്രമേ ബാക്കിയുള്ളൂ. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബാക്കി തുക കോഡ് മാറിയതാണ് |
| 11 | IAY( DP) | 2016-17 | 42,25,000 | ജില്ലാ പഞ്ചായത്ത് വിഹിതം | 42,25,000 | ₹27,15,434 മാത്രമേ ബാക്കി യുള്ളൂ. ബാക്കി തുക കോഡ് മാറിയതാണ് |
| 12 | ഗുണഭോക്തൃ വിഹിതം | 2016-17 | 3,46,625 | ഗുണഭോക്തൃ വിഹിതം | 3,46,625 | ₹75,401 മുൻബാക്കിയുണ്ട്. ബാക്കി തുക കോഡ് മാറിയതാണ് |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (തൻവർഷം)

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട്നമ്പർ പ്രോജക്ടിന്റെപേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1,96,000 | 35/17<br>PMAY ഭവന നിർമ്മാണം അധിക വിഹിതം (ജനറൽ) | 0 | 1,96,000 |

| | | | | |
|---|---|---|---|---|
| | | | | |
| | 28000 | 36/17<br>PMAY ഭവന നിർമ്മാണം<br>(പട്ടിക ജാതി) | 0 | 28000 |
| | 6,65,000 | 52/17<br>IAY ഭവന നിർമ്മാണം അധിക വിഹിതം<br>(പട്ടിക ജാതി) | 3,15,000 | 94430 |
| വേങ്ങാട് ഗ്രാമപഞ്ചായത്ത്<br>പിണറായി ഗ്രാമപഞ്ചായത്ത്<br>അഞ്ചരക്കണ്ടിഗ്രാമപഞ്ചായത്ത്<br>മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത്<br>ധർമ്മടം ഗ്രാമപഞ്ചായത്ത് | 1,00,000<br>1,00,000<br>80,000<br>50,000<br>50,000<br>3,80,000 | 52/17<br>IAY ഭവന നിർമ്മാണം അധിക വിഹിതം<br>(പട്ടിക ജാതി) | പിണറായി<br>1,00,000 | 2,80,000 |
| വേങ്ങാട് ഗ്രാമപഞ്ചായത്ത്<br>പിണറായി ഗ്രാമപഞ്ചായത്ത്<br>അഞ്ചരക്കണ്ടിഗ്രാമപഞ്ചായത്ത്<br>മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത്<br>ന്യൂമാഹി ഗ്രാമപഞ്ചായത്ത്<br>എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | 60,000<br>40,000<br>20,000<br>20,000<br>20000<br>20,000<br>1,80,000 | 35/17<br>PMAY ഭവന നിർമ്മാണം അധിക വിഹിതം<br>(ജനറൽ) | അഞ്ചരക്കണ്ടി<br>20,000 | 1,60,000 |

| | | | | |
|---|---|---|---|---|
| | | | | |
| അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് | 20000 | 36/17<br>PMAY ഭവന നിർമ്മാണം<br>(പട്ടിക ജാതി) | 0 | 20000 |
| ധർമ്മടം ഗ്രാമപഞ്ചായത്ത്<br>ന്യൂമാഹി ഗ്രാമപഞ്ചായത്ത് | 60000 | 42/17<br>IAY ഭവന നിർമ്മാണം<br>(പട്ടിക ജാതി) | ന്യൂമാഹി<br>20,000 | 40000 |
| ആകെ | | | | 818430 |

സംയുക്ത പ്രൊജക്ടുകൾക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച മുഴുവൻ തുകയും ചെലവഴിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ നൽകേണ്ടതാണ്. ബി.4 ഷെഡ്യൂളിൽ കാണിച്ച പ്രകാരം ഈയിനത്തിൽ നാളിതുവരെ 48081 രൂപ, 6557306 രൂപ, 4225000 രൂപ എന്നിങ്ങനെ നീക്കിബാക്കിയായിട്ടുണ്ട്. ഇത്രയും ഭീമമായ തുക ചെലവഴിക്കാതെ നീക്കിബാക്കിയായതിന് വിശദീകരണം നൽകേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 33 | 1999-2000 | IV-72 (ബി) | നിലവിലെ സ്ഥിതിയിൽ തുടരുന്നു |
| | 40 | | IV-72(എ) | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 3,12,62,351 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 3,69,21,155 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 2390693 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 3-1 | 379539 | ഡോ. കെ.എം. ഇബ്രാഹിം, മെഡിക്കൽ ഓഫീസർ CHC |
| 3-2 | 500000 | ഡോ. കെ.എം. ഇബ്രാഹിം, മെഡിക്കൽ ഓഫീസർ CHC |
| 3-3 | 1026257 | ശ്രീ. പി.വി. ജസീർ, സെക്രട്ടറി |
| 3-4 | 300000 | ശ്രീ. പി.വി. ജസീർ, സെക്രട്ടറി |
| 3-5 | 184897 | ശ്രീ. പീതാംബരബാബു, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| ആകെ | 2390693 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ. എഫ്.സി.8/147/2000<br>തീയ്യതി : 25-7-2000 | 2 |

| | | |
|---|---|---|
| 2005-06 | എൽ. എഫ്.ഡി.4/1417/2009<br>തീയ്യതി : 8-4-2010 | 2 |
| 2007-08 | എൽ. എഫ്.സി.4/374/2011<br>തീയ്യതി : 20-10-2011 | 4 |
| 2008-09 | എൽ. എഫ്/സി.4/375/2011<br>തീയ്യതി : 20-10-2011 | 4 |
| 2009-10<br>2010-11 | എൽ. എഫ്/കെ.എൻ.ആർ/ഡി.1/576/2013<br>തീയ്യതി : 6-9-2013 | 12 |
| 2011-12<br>2012-13 | കെ.എസ്.എ/കെ.എൻ.ആർ/ഡി.1/2227<br>/2015തീയ്യതി: 26-3-2015 | 5 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/ഡി.1/300<br>/2016തീയ്യതി: 30-4-2016 | 6 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.7/386<br>/2017തീയ്യതി: 22-3-2017 | 8 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1840/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഫോൺ : 0497 2707698

ഇ മെയിൽ : doknr.ksad@kerala.gov.in

തീയ്യതി :22.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-)ാ വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-)ാ വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക

ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## APPENDIX 1

## AUDIT CERTIFICATE

No. KSA/KNR/C.7/1840/2017

Kerala State Audit Department

District Audit Office Kannur

Phone : 0497 2707698

E-mail: doknr.ksad@kerala.gov.in

Date :22.11.2017

Certified that I have audited the Annual Financial Statement of Thalassery Block Panchayat in Kannur District for the year ended on 31-03-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of Thalassery Block Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Senior Deputy Director

## അനുബന്ധം 2

# RECEIPT AND PAYMENT STATEMENT OF THALASSERY BLOCK PANCHAYAT FOR THE PERIOD FROM 1-4-2016 TO 31-3-2017

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 21431323<br>0 |
| | Receipts | | |
| Operating | | | |
| 130000000 | Rental Income from Panchayat Properties | RP-3 | 500 |
| 140000000 | Fees & User Charges | RP-4 | 146289 |
| 150000000 | Sale & Hire Charges | RP-5 | 9018 |

| | | | |
|---|---|---|---|
| 160000000 | Revenue Grants,Funds,Contributions&Compensations | RP-7 | 3400896 |
| 171000000 | Interest Earned | RP-9 | 31999 |
| 320000000 | Grants, Funds & Contributions For Specific Purposes | RP-31 | 23469710 |
| 350000000 | Other Liabilities | RP-36 | 42677 |
| Non operating | | | |
| 340000000 | Deposit Received | RP-22 | 3552 |
| 350000000 | Other Liabilities | RP-36 | 3900160 |
| 431000000 | Sundry Debtors (Receivables) | RP-43 | 157550 |
| 460000000 | Loans, Advances & Deposits | RP-47 | 100000 |
| Grand Total | | | 52693674 |
| | Payments | | |
| Operating | | | |
| 210000000 | Esatblishment Expenses | RP-11 | 1618043 |
| 220000000 | Adminisrtative Expenses | RP-12 | 641591 |
| 230000000 | Operations & Maintenance | RP-13 | 255747 |
| 250000000 | Decentralised Plan Programme-Productive | RP-15 | 879724 |

| | | | |
|---|---|---|---|
| | Sector | | |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 15557121 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 377208 |
| 253000000 | Decentralised Plan Programme- not included in Sector | RP-18 | 20686 |
| 256000000 | Other Revenue Grants and Funds Revenue Expenses | RP-21 | 68532 |
| 280000000 | Prior Period Item | RP-26 | 418769 |
| 320000000 | Grants, Funds & Contributions For Specific Purposes | RP-31 | 5922102 |
| 350000000 | Other Liabilities | RP-36 | 42677 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 34 |
| 340000000 | Deposits Received | RP-34 | 11250 |
| 350000000 | Other Liabilities | RP-36 | 3350160 |
| 410000000 | Fixed Assets | RP-38 | 6394875 |
| 412000000 | Capital Work in Progress | RP-40 | 1362636 |

| | | | |
|---|---|---|---|
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 15772519<br>0 |
| Grand Total | | | 52693674 |

Senior Deputy Director

## അനുബന്ധം 3

# INCOME AND EXPENDITURE STATEMENT OF THALASSERY BLOCK PANCHAYAT FOR THE PERIOD FROM 1-4-2016 TO 31-3-2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat Properties | I-3 | 500 |
| 140000000 | Fees & User Charges | I-4(b) | 146289 |
| 150000000 | Sale & Hire Charges | I-5(b) | 9018 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 3400896 |
| 171000000 | Interest Earned | I-8 | 31999 |
| A | Total Income | | 3588702 |
| | EXPENDITURE | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | I-10(b) | 1618043 |
| 220000000 | Administrative Expenses | I-11(b) | 641591 |
| 230000000 | Operations & Maintenance | I-12(b) | 255747 |
| 240000000 | Interest & Finance Charges | I-13 | 34 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 879724 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 15557121 |
| 252000000 | Decentralised Plan Programme-Infra structure Sector | I-14(b) | 1358220 |
| 253000000 | Decentralised Plan Programme Project not included in Sector Division | I-14(c) | 20686 |
| 256000000 | Other Revenue Grants and Funds Revenue Expenses | I-15(a) | 68532 |
| B | Total Expenditure | | 20399698 |
| C=A-B | Gross Surplus / Defict Income over Expenditure | | -16810996 |
| D= 28000000 | Prior Period Item | I-18 | 748241 |
| E=C-D | Gross Surplus/Defict of Income over | | -17559237 |

| | | | |
|---|---|---|---|
| 290000000 | Expenditure after prior Period items. Transfer to Reserve Funds | | |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

Senior Deputy Director

## അനുബന്ധം 4

# BALANCE SHEET OF THALASSERY BLOCK PANCHAYAT AS ON 31-3-2017

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | -7344147 |
| 312000000 | Reserves | B-3 | 10462423 |
| | Total Reserve & Surplus | | 3118276 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 31730447 |
| | Total Grants,Contribution for specific purposes | | 31730447 |

| | | | |
|---|---|---|---|
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 214931 |
| 350000000 | Other Liabilities | B-9 | 550000 |
| | Total Current Liabilities and Provisions | | 764931 |
| | TOTAL LIABILITIES | | 35613654 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 20952772 |
| 411000000 | Accumulated Depreciation | B-11 | -1235711 |
| 412000000 | Capital Work In Progress | B-11(a) | 381624 |
| | Total Fixed Assets | | 20098685 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | -157550 |
| 450000000 | Cash and Bank balance | B-17 | 15772519 |
| 460000000 | Loans, Advances and Deposits | B-18 | -100000 |
| | Total Current Assets,Loans and Advances | | 15514969 |
| | TOTAL ASSETS | | 35613654 |

Senior Deputy Director